**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 885** **14-10-2026-ൽ മറുപടിയ്ക്ക്**

**കായലുകളിലെ മാലിന്യ നിർമ്മാർജ്ജനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പ്രധാന കായലുകളുടെ സംരക്ഷണത്തിന് കൈക്കൊണ്ടിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**മറുപടി:** 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനുമുൻപ് കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാലും കായലുകളുടെ ജലസംഭരണശേഷിയിൽ കുറവ് വന്നിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി, ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി - കേരള" (State Wetland Authority - Kerala) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്.

കൂടാതെ വിവിധ കായലുകളുടെ സംരക്ഷണത്തിനായും ആഴം കൂട്ടുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

**വേമ്പനാട്ട് കായൽ:** വേമ്പനാട്ട് കായലിൽ 2018-ലെ പ്രളയത്തിനു ശേഷം എക്കൽ നിക്ഷേപവും പോള ശല്യവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഇത് ജലാശയങ്ങളുടെ വാഹക ശേഷിയും സംഭരണ ശേഷിയും കുറയ്ക്കുകയും, അനിയന്ത്രിതമായ വെള്ളക്കെട്ടിനും തടസ്സങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു. കായലിൽ അടിഞ്ഞുകൂടിയ എക്കലും പോളയും പായലും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനും സംഭരണശേഷി വീണ്ടെടുക്കുന്നതിനുമായി എടക്കൊച്ചി-ആരൂർ, ഉദയംപേരൂർ, കുമ്പളം, നെട്ടൂർ മാടവന, കുമ്പളങ്ങി, വൈപ്പിൻ (എളങ്കുന്നപ്പുഴ മുതൽ ഇടവനക്കാട് വരെ) എന്നീ ഭാഗങ്ങളിലായി വിവിധ Deepening & desiltation പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ NW3 പാതയിൽ ഉൾപ്പെടുന്ന ഭാഗങ്ങളിൽ IWAI-യുടെ ആഭിമുഖ്യത്തിൽ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ നടത്തി വരുന്നുണ്ട്.

**ശാസ്താംകോട്ട കായൽ:** സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ശാസ്താംകോട്ട കായലിന്റെ നവീകരണവും സംരക്ഷണവും ലക്ഷ്യമാക്കി ₹5.00 കോടി അടങ്കൽ തുകയുള്ള സമഗ്ര പദ്ധതിക്ക് ഭരണാനുമതി (G.O.(Rt) No. 739/2025/WRD dtd 02.09.2025) നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കായൽഭാഗത്ത് അടിഞ്ഞുകൂടിയ ചെളിയും

മണ്ണും നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കായലിന്റെ സ്വാഭാവിക ജലസംഭരണശേഷിയും ജലത്തിന്റെ ഒഴുക്കും പുനഃസ്ഥാപിക്കുന്നതിനും പരിസ്ഥിതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

**വെള്ളായണി കായൽ:** വെള്ളായണി കായലിന്റെ സംരക്ഷണത്തിനും ജലവാഹക സംഭരണശേഷി കൂട്ടുന്നതിനുമായി 'വെള്ളായണി കായൽ റീസ്റ്റോറേഷൻ സ്കീം Phase - I' എന്ന പദ്ധതിയിലൂടെ ആഴം കൂട്ടുന്നതിനുള്ള അടിയന്തര പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**ബീയ്യം കായൽ:** ബീയ്യം കായലിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലസംഭരണത്തിനുമായി ബീയ്യം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചിട്ടുള്ളതും വർഷാവർഷങ്ങളിൽ ആയതിന് പരിപാലനം നടപ്പിലാക്കി വരുന്നതുമാണ്.

**കുമ്പളങ്ങി കല്ലഞ്ചേരി കായൽ:** കുമ്പളങ്ങി കല്ലഞ്ചേരി കായലിലെ എക്കൽ നീക്കം ചെയ്ത് കായലിന്റെ സ്വാഭാവിക ആഴവും നീരൊഴുക്കും വീണ്ടെടുക്കുന്നതിന് IRR/IA/EST/4018/2022_5_1_1, IRR/IA/EST/4020/2022-5-1-1 എന്നീ നമ്പറുകൾ പ്രകാരം യഥാക്രമം 960 ലക്ഷം, 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** കായലുകളിൽ മണലും ചെളിയും നിറഞ്ഞ് ആഴം കുറയുന്നത് ജലഗതാഗതത്തെയും മൽസ്യസമ്പത്തിനേയും സാരമായി ബാധിക്കുന്നുണ്ടോ; ഡ്രഡ്ജ് ചെയ്ത് കായലുകളുടെ ആഴം കൂട്ടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:** 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനുമുൻപ് കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാലും കായലുകളുടെ ജലസംഭരണശേഷിയിൽ കുറവ് വന്നിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി, ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി - കേരള" (State Wetland Authority - Kerala) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്.

കൂടാതെ വിവിധ കായലുകളുടെ സംരക്ഷണത്തിനായും ആഴം കൂട്ടുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

**വേമ്പനാട്ട് കായൽ:** വേമ്പനാട്ട് കായലിൽ 2018-ലെ പ്രളയത്തിനു ശേഷം എക്കൽ നിക്ഷേപവും പോള ശല്യവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഇത് ജലാശയങ്ങളുടെ വാഹക ശേഷിയും സംഭരണ ശേഷിയും കുറയ്ക്കുകയും, അനിയന്ത്രിതമായ വെള്ളക്കെട്ടിനും തടസ്സങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു. കായലിൽ അടിഞ്ഞുകൂടിയ എക്കലും പോളയും പായലും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനും സംഭരണശേഷി വീണ്ടെടുക്കുന്നതിനുമായി എടക്കൊച്ചി-ആരൂർ, ഉദയംപേരൂർ, കുമ്പളം, നെട്ടൂർ മാടവന, കുമ്പളങ്ങി, വൈപ്പിൻ (എളങ്കുന്നപ്പുഴ മുതൽ ഇടവനക്കാട് വരെ) എന്നീ ഭാഗങ്ങളിലായി വിവിധ Deepening & desiltation പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ NW3 പാതയിൽ ഉൾപ്പെടുന്ന ഭാഗങ്ങളിൽ IWAI-യുടെ ആഭിമുഖ്യത്തിൽ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ നടത്തി വരുന്നുണ്ട്.

**ശാസ്താംകോട്ട കായൽ:** സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ശാസ്താംകോട്ട കായലിന്റെ നവീകരണവും സംരക്ഷണവും ലക്ഷ്യമാക്കി ₹5.00 കോടി അടങ്കൽ തുകയുള്ള സമഗ്ര പദ്ധതിക്ക് ഭരണാനുമതി (G.O.(Rt) No. 739/2025/WRD dtd

02.09.2025) നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കായൽഭാഗത്ത് അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കായലിന്റെ സ്വാഭാവിക ജലസംഭരണശേഷിയും ജലത്തിന്റെ ഒഴുക്കും പുനഃസ്ഥാപിക്കുന്നതിനും പരിസ്ഥിതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

**വെള്ളായണി കായൽ:** വെള്ളായണി കായലിന്റെ സംരക്ഷണത്തിനും ജലവാഹക സംഭരണശേഷി കൂട്ടുന്നതിനുമായി 'വെള്ളായണി കായൽ റീസ്റ്റോറേഷൻ സ്കീം Phase - I' എന്ന പദ്ധതിയിലൂടെ ആഴം കൂട്ടുന്നതിനുള്ള അടിയന്തര പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**ബിയ്യം കായൽ:** ബിയ്യം കായലിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലസംഭരണത്തിനുമായി ബിയ്യം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചിട്ടുള്ളതും വർഷാവർഷങ്ങളിൽ ആയതിന് പരിപാലനം നടപ്പിലാക്കി വരുന്നതുമാണ്.

**കുമ്പളങ്ങി കല്ലഞ്ചേരി കായൽ:** കുമ്പളങ്ങി കല്ലഞ്ചേരി കായലിലെ എക്കൽ നീക്കം ചെയ്ത് കായലിന്റെ സ്വാഭാവിക ആഴവും നീരൊഴുക്കും വീണ്ടെടുക്കുന്നതിന് IRR/IA/EST/4018/2022_5_1_1, IRR/IA/EST/4020/2022-5-1-1 എന്നീ നമ്പറുകൾ പ്രകാരം യഥാക്രമം 960 ലക്ഷം, 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** പുരവഞ്ചികളിൽ നിന്നുള്ള മാലിന്യങ്ങളും മറ്റു പ്ലാസ്റ്റിക് മാലിന്യങ്ങളും കായലിന്റെ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ടോ; നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പുരവഞ്ചികളിൽ നിന്നുള്ള മലിനീകരണം തടയുന്നത് സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ്. കൂടാതെ ശുചിമുറി മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ജലാശയങ്ങളിലേക്ക് തുറന്നു വിട്ട് ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തുന്നതിനും, അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അധികാരമുണ്ട്. കൂടാതെ കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കോൺസർവേഷൻ ആക്ട് പ്രകാരം (2003/2018 ഭേദഗതി) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ നോട്ടീസ് നൽകാനും, 3 വർഷം വരെ തടവോ 2 ലക്ഷം രൂപ വരെ പിഴയോ ഈടാക്കാനുമുള്ള നിയമപരമായ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**